പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 188

# 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 188

# 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

103/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 188

# 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 25-ാം വകുപ്പിലെ (i), (vi) ഇനങ്ങൾ ഉടൻ പ്രാബല്യത്തിൽ വരുന്നതും ശേഷിക്കുന്ന വകുപ്പുകൾ 2023 ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നതായും കരുതപ്പെടേണ്ടതാണ്.

2. 58-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ, (1994-ലെ 20) (ഇതിന് ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 58-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ക്ഷേമപരിപാടികൾ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "മാലിന്യസംസ്കരണം," എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്.

3. XVI എ എന്ന അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ 325-ാം വകുപ്പിന് ശേഷവും "മാലിന്യം കൈകാര്യം ചെയ്യൽ" എന്ന ശീർഷകത്തിനുമുകളിലുമായി "അദ്ധ്യായം XVI എ" എന്ന് ചേർക്കേണ്ടതാണ് .

4. 325 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിൽ, "അദ്ധ്യായം XVI എ മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ", എന്ന ശീർഷകത്തിന് ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"325 എ. നിർവ്വചനം.—ഈ അദ്ധ്യായത്തിന്റെയും 58-ാം വകുപ്പിന്റെയും ആവശ്യത്തിലേക്കായി "മാലിന്യസംസ്കരണം" എന്നാൽ ഖരമാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം അല്ലെങ്കിൽ കയ്യൊഴിയൽ എന്ന് അർത്ഥമാകുന്നതാണ് .

വിശദീകരണം.-ഈ അദ്ധ്യായത്തിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും ചട്ടങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.” .

5. 326-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 326-ാം വകുപ്പിൽ,—

(i) (1 എ) ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (1 എ) ഈ അദ്ധ്യായത്തിലും ഈ ആക്റ്റിന് കീഴിലുള്ള ചട്ടങ്ങളിലും, 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിനും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ എല്ലാ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതും, കൗൺസിൽ അതിന്റെ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും സെക്രട്ടറി മുഖേന നിർവ്വഹിക്കേണ്ടതുമാണ് .” ;

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട (1 എ) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (1 എഎ) (1 എ) ഉപവകുപ്പ് പ്രകാരമുള്ള മുനിസിപ്പാലിറ്റിയുടെ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്വമായിരിക്കുന്നതും, സെക്രട്ടറി ആയത് രേഖാമൂലമുള്ള ഉത്തരവ് മുഖേന മാലിന്യസംസ്കരണം, പൊതുജനാരോഗ്യം, ശുചിത്വം, എഞ്ചിനീയറിംഗ് എന്നിവയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അല്ലെങ്കിൽ മുനിസിപ്പാലിറ്റിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ, തെരുവുകളുടെയോ പ്രദേശങ്ങളുടെയോ ജോലിയുടെ സ്വഭാവത്തിന്റെയോ അടിസ്ഥാനത്തിൽ ഏൽപ്പിച്ചു നൽകാവുന്നതും, അത്തരം കടമകൾ, ഉത്തരവാദിത്വങ്ങൾ, ചുമതലകൾ അവർ കൃത്യമായി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് . ”;

(iii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (3) മുനിസിപ്പാലിറ്റിക്ക്, നേരിട്ടോ, അല്ലെങ്കിൽ ഏതെങ്കിലും ആൾ വഴിയോ ഏജൻസി വഴിയോ കരാർ അടിസ്ഥാനത്തിലോ, അല്ലാതെയോ ഈ ആക്റ്റിലോ അതിൻകീഴിലുള്ള ചട്ടങ്ങളിലോ, അല്ലെങ്കിൽ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിനും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിലുള്ള ചട്ടങ്ങളിലോ ഉള്ള മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ മുഴുവനായോ ഭാഗികമായോ ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്." .

6. <u>326-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 326-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"326 <u>എ.</u> <u>സർക്കാർ നിർദ്ദേശങ്ങൾ കൗൺസിൽ നടപ്പിലാക്കേണ്ടതാണെന്ന്.</u>—(1) ഈ ആക്റ്റിൻ കീഴിലോ അല്ലെങ്കിൽ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലോ (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടത് കൗൺസിലിന്റെ ഉത്തരവാദിത്വമായിരിക്കുന്നതാണ് .

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ അജണ്ട കൗൺസിലിന്റെ തൊട്ടടുത്ത യോഗത്തിൽ വയ്ക്കുന്നുവെന്ന് ചെയർപേഴ്സൺ ഉറപ്പാക്കേണ്ടതും അപ്രകാരമുള്ള അജണ്ടയിൽ കൗൺസിൽ തീരുമാനമെടുക്കേണ്ടതുമാണ് .

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ച് അത്തരം നിർദ്ദേശങ്ങൾക്കനുസൃതമായി ഒരു മാസത്തിനുള്ളിൽ, കൗൺസിൽ തീരുമാനമെടുക്കുന്നതിൽ പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ, അത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള അനുമതി കൗൺസിൽ അംഗീകരിച്ചതായോ നൽകിയതായോ കരുതപ്പെടേണ്ടതാണ് .

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അംഗീകാരം നൽകിയതായി കരുതപ്പെടുന്നതുൾപ്പെടെയുള്ള അത്തരം തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സെക്രട്ടറി ഉടനടി നടപടികൾ കൈക്കൊള്ളേണ്ടതും അത്തരം തീരുമാനം നടപ്പിലാക്കുന്നതിൽ സെക്രട്ടറിക്കോ മറ്റേതെങ്കിലും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനോ പരാജയമോ വീഴ്ചയോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് കൃത്യവിലോപമായി കണക്കാക്കി സെക്രട്ടറിക്കെതിരെയോ അല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥനെതിരെയോ സർക്കാരിന് അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ് .

(5) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ കൗൺസിൽ വീഴ്ച വരുത്തുന്നപക്ഷം, കൗൺസിലിനെതിരെ സ്വീകരിക്കാവുന്ന മറ്റ് നടപടികൾക്കൊന്നും ഭംഗം വരാത്തവിധത്തിൽ, സർക്കാരിന് അത്തരം വീഴ്ചയ്ക്ക് കൗൺസിലിന്റെ മേൽ പിഴ ചുമത്താവുന്നതാണ്:

എന്നാൽ, അപ്രകാരം പിഴ ചുമത്തുന്നതിന് മുമ്പ് കൗൺസിലിന് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകേണ്ടതാണ്.

326 ബി.മാലിന്യസംസ്കരണത്തിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിനെതിരെയും സെക്രട്ടറിക്ക് നിയമനടപടികൾ ആരംഭിക്കാവുന്നതും, എന്നാൽ ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ രാജിയാക്കാവുന്ന കുറ്റകൃത്യങ്ങൾ രാജിയാക്കാവുന്നതുമാണ്.

(2) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഈ അദ്ധ്യായത്തിൻ കീഴിലുള്ളതോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമ പ്രകാരമുള്ളതോ ആയ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ് .

(3) സെക്രട്ടറിക്ക്, അത്യാവശ്യഘട്ടങ്ങളിൽ, ചെയർപേഴ്സണെ അറിയിച്ച ശേഷം, മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഈ അദ്ധ്യായത്തിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പൽ ഫണ്ടിൽ നിന്ന് രണ്ട് ലക്ഷം രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യാവുന്നതാണ് .

326 സി. വേർതിരിച്ച മാലിന്യം മുനിസിപ്പാലിറ്റിക്കോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം.—(1) സെക്രട്ടറി, പൊതുനോട്ടീസിലൂടെ നിർദ്ദേശിച്ച പ്രകാരം, വേർതിരിച്ച മാലിന്യങ്ങൾ കൈമാറുന്നതിനോ നിർദ്ദിഷ്ട സ്ഥലത്ത് നിക്ഷേപിക്കുന്നതിനോ യൂസർ ഫീസ് മുനിസിപ്പാലിറ്റിക്കോ അംഗീകൃത ഏജൻസിക്കോ നൽകുന്നതിനും എല്ലാ വീടുകൾക്കും ഏതെങ്കിലും പരിസരങ്ങളുടെയും, ഹോട്ടൽ, റസ്റ്റോറന്റ്, വ്യവസായം, ആശുപത്രി അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനം എന്നിവയുടെ ഉടമസ്ഥർക്കും കൈവശക്കാർക്കും ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ് .

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളിന്റെയുംമേൽ സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്.

326 ഡി. യൂസർ ഫീസുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ.—(1) ഓരോ മുനിസിപ്പാലിറ്റിയും മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം അതിന്റെ കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവ് വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നൽകേണ്ട യൂസർ ഫീസ് നിശ്ചയിക്കേണ്ടതും ആയത് നിശ്ചയിക്കുന്ന രീതിയിൽ ശേഖരിക്കേണ്ടതുമാണ് :

എന്നാൽ, യൂസർ ഫീസിന് സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുള്ളപക്ഷം, സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് കൗൺസിൽ നിശ്ചയിക്കാൻ പാടില്ലാത്തതാണ് .

(2) ഓരോ മാലിന്യ ഉൽപാദകനും യൂസർ ഫീസ് മുനിസിപ്പാലിറ്റിക്കോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത ഏജൻസിക്കോ എല്ലാ മാസത്തിലെയും അവസാന തീയതിക്കു മുമ്പായോ അല്ലെങ്കിൽ മുനിസിപ്പാലിറ്റി തീരുമാനിച്ചേക്കാവുന്ന അത്തരം കാലയളവിനുള്ളിലോ നൽകേണ്ടതാണ്.

(3) ഏതെങ്കിലും മാലിന്യ ഉൽപാദകൻ (2)-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ, അത്, പ്രതിമാസം അമ്പത് ശതമാനം പിഴയോടുകൂടി ഈടാക്കേണ്ടതാണ്:

എന്നാൽ, നിശ്ചിത തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുശേഷവും യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ മാത്രമേ അത്തരം പിഴ ഈടാക്കുവാൻ പാടുള്ളൂ.

(4) യൂസർ ഫീസും പിഴയും 538 ബി വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന വിധം പൊതുനികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കാവുന്നതാണ്.

(5) യൂസർ ഫീസ് അടയ്ക്കാൻ വീഴ്ചവരുത്തുന്ന ആളിനെതിരെ സ്വീകരിക്കാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, യൂസർ ഫീസ് അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ ആളിന് മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ്.

(6) സർക്കാരിനോ അല്ലെങ്കിൽ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, മുനിസിപ്പാലിറ്റിക്കോ ഏതെങ്കിലും മാലിന്യ ഉത്പാദകനെ അല്ലെങ്കിൽ മാലിന്യ ഉത്പാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെ യൂസർ ഫീസ് അടയ്ക്കുന്നതിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്.”.

7. <u>327-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 327-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"327. <u>ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉത്പാദകർക്കുള്ള ചുമതലകൾ.</u>—(1) ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും അപകടകരമായ ഗാർഹിക മാലിന്യങ്ങളും സംഭരിക്കുന്നതിനായി ചട്ടങ്ങളിലോ ബൈലോകളിലോ നിർണ്ണയിച്ചിട്ടുള്ള പ്രകാരമോ അല്ലെങ്കിൽ സെക്രട്ടറി നിഷ്കർഷിച്ചിരിക്കുന്നതു പോലെയുള്ളതോ ആയ വലുപ്പത്തിലും നിറത്തിലുമുള്ള പ്രത്യേക ബിന്നുകളോ സംഭരണികളോ സജ്ജീകരിക്കേണ്ടത് ഓരോ മാലിന്യ ഉൽപാദകന്റെയും കടമയാണ്.

(2) അങ്ങനെയുള്ള ബിന്നുകൾ അല്ലെങ്കിൽ സംഭരണികൾ എല്ലാ സമയത്തും ശരിയായ നിലയിൽ സൂക്ഷിക്കേണ്ടതും സെക്രട്ടറി അതത് സമയം പൊതുനോട്ടീസിനാൽ നിർദ്ദേശിക്കുന്നത്രയും എണ്ണം അങ്ങനെയുള്ള സ്ഥലത്ത് സജ്ജീകരിക്കേണ്ടതുമാണ് .

(3) മുനിസിപ്പാലിറ്റി നിയോഗിച്ചിട്ടുള്ള ജീവനക്കാർക്കോ കരാറുകാർക്കോ അത്തരം മാലിന്യങ്ങൾ എളുപ്പത്തിൽ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി ഓരോ മാലിന്യ ഉൽപാദകനും ചട്ടങ്ങളിലോ ബൈലോകളിലോ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു ആളുടെയും മേൽ, സെക്രട്ടറിക്ക് ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്." .

8. <u>328-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 328-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത് :—

"മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മാലിന്യ ഉൽപാദകനുമായോ ഉടമസ്ഥനുമായോ താമസക്കാരനുമായോ ഉള്ള കരാർ" ;

(ii) നിലവിലുള്ള വ്യവസ്ഥയിലെ "ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ" എന്ന വാക്കുകൾക്ക് പകരം "മാലിന്യ ഉൽപാദകനുമായോ അല്ലെങ്കിൽ ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ" എന്ന വാക്കുകളും "ചവറോ മാലിന്യമോ നീക്കം ചെയ്യുന്നതിന്" എന്ന വാക്കുകൾക്ക് പകരം " മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

9. 329-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 329-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"329. വാതിൽപ്പടി മാലിന്യ ശേഖരണം.—(1) ഓരോ മുനിസിപ്പാലിറ്റിയും മുനിസിപ്പൽ പ്രദേശത്തുള്ള എല്ലാ വീടുകളിൽ നിന്നും ജനവാസ കേന്ദ്രങ്ങളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് വാസേതര പരിസരങ്ങളിൽ നിന്നും ബഹുനില കെട്ടിടങ്ങൾ, വലിയ വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, പാർപ്പിട സമുച്ചയങ്ങൾ മുതലായവയുടെ കാര്യത്തിൽ പ്രവേശന കവാടത്തിൽ നിന്നോ സെക്രട്ടറി പൊതുനോട്ടീസിനാൽ നിഷ്കർഷിച്ചിട്ടുള്ള മറ്റേതെങ്കിലും സ്ഥലങ്ങളിൽ നിന്നോ വേർതിരിച്ച മാലിന്യങ്ങൾ വാതിൽപ്പടി ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പാടാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ശേഖരിച്ച തരംതിരിച്ചിട്ടുള്ള മാലിന്യങ്ങൾ ശരിയായി മൂടിവയ്ക്കപ്പെടാതെ സംസ്കരണത്തിനോ നിർമ്മാർജ്ജനത്തിനോ വേണ്ടി കൊണ്ടുപോകുകയോ എത്തിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്.” .

10. 331-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 331-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

“ (1) ഖര, ദ്രവ, മലിനജല അല്ലെങ്കിൽ ഫീക്കൽ സ്ലെഡ്ജ് സംസ്കരണ പ്ലാന്റ് ഇല്ലാത്തതും മുനിസിപ്പൽ പ്രദേശത്തിനകത്തോ പുറത്തോ ഒഴിഞ്ഞുകിടക്കുന്ന ഭൂമി കൈവശമുള്ളതുമായ മുനിസിപ്പാലിറ്റി, അത്തരം പ്ലാന്റുകളോ സൗകര്യങ്ങളോ പ്രസ്തുത ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ മുൻഗണന നൽകി ഏറ്റെടുക്കേണ്ടതാണ്.” ;

(ii) അപ്രകാരം പകരം ചേർക്കപ്പെട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“(1 എ) ഓരോ മുനിസിപ്പാലിറ്റിയും മാലിന്യസംസ്കരണത്തിന് വേണ്ടി മുനിസിപ്പൽ പ്രദേശത്തിനകത്തോ പുറത്തോ അനുയോജ്യമായ സ്വകാര്യഭൂമി കണ്ടെത്തേണ്ടതും ആവശ്യമെങ്കിൽ 2013-ലെ ദ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പാരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്റ്റ് ( 2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ ഭൂമി വിട്ടുനൽകൽ പ്രകാരമോ പാട്ടത്തിനോ സ്വകാര്യവാങ്ങൽ മുഖേനയോ വസ്തു ആർജ്ജിക്കേണ്ടതാണ്.

(1 ബി)(1 എ) ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആർജ്ജിക്കുന്ന ഭൂമി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടുള്ളതല്ല.

(1 സി) മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി ഒഴിഞ്ഞു കിടക്കുന്ന സ്വന്തം ഭൂമിയോ തങ്ങളിൽ നിക്ഷിപ്തമായ ഭൂമിയോ ലഭ്യമാണെങ്കിൽ ആയത് വിനിയോഗിക്കുന്നതിന് ഓരോ മുനിസിപ്പാലിറ്റിയും മുൻഗണന നൽകേണ്ടതാണ്.

(1 ഡി) മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി മുൻപ് ഉപയോഗിച്ചിരുന്നതും എന്നാൽ ഇപ്പോൾ വിവിധ കാരണങ്ങളാൽ ഉപയോഗിക്കാത്തതുമായ ഭൂമിയിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതാണ്:

എന്നാൽ, സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ പ്രസ്തുത ഭൂമി മറ്റൊരാവശ്യത്തിനും വേണ്ടി മാറ്റിവയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്." ;

(iii) (2)-ാം ഉപവകുപ്പിൽ "(1)-ാം ഉപവകുപ്പ്പ്രകാരം സ്ഥലം വിജ്ഞാപനം ചെയ്യുമ്പോൾ" എന്ന ബ്രാക്കറ്റിനും അക്കത്തിനും ചിഹ്നത്തിനും വാക്കുകൾക്കും പകരം " (1 എ) ഉപവകുപ്പ് പ്രകാരം ഭൂമി കണ്ടെത്തുമ്പോൾ" എന്ന ബ്രാക്കറ്റും അക്കവും അക്ഷരവും വാക്കുകളും ചേർക്കേണ്ടതാണ്.

11. <u>332-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 332-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"332 <u>എ.സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കൽ.</u>— മുനിസിപ്പാലിറ്റിക്ക്, കൗൺസിൽ അപ്രകാരം തീരുമാനിക്കുകയോ അല്ലെങ്കിൽ സർക്കാർ അപ്രകാരം ആവശ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന്, അത്തരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അംഗീകരിച്ച പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് സർക്കാർ ഇതിലേക്കായി പുറപ്പെടുവിച്ചേക്കാവുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കാവുന്നതാണ്.

332 <u>ബി.മുനിസിപ്പാലിറ്റി പതിവായി പരിശോധനയും നിരീക്ഷണവും ഏർപ്പെടുത്തേണ്ടതാണെന്ന്.</u>— മുനിസിപ്പാലിറ്റിയിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളും പദ്ധതികളും ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും, നിലവിലുള്ള നിയമങ്ങൾക്കനുസൃതമായിട്ടുമാണ് പ്രവർത്തിക്കുന്നതെന്നും നടപ്പിലാക്കുന്നതെന്നും ഉറപ്പുവരുത്തുന്നതിലേക്കായി ക്രമമായ പരിശോധനയും നിരീക്ഷണവും നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് മുനിസിപ്പാലിറ്റിയുടെ ഉത്തരവാദിത്വമാണ്.

332 സി.വ്യക്തികളുടെ ഉത്തരവാദിത്വങ്ങളും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പാരിതോഷികങ്ങളും.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ലംഘനമോ അല്ലെങ്കിൽ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുക, തള്ളുക അല്ലെങ്കിൽ നിക്ഷേപിക്കുക എന്നിവ ഉൾപ്പെടെയുള്ള മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കുറ്റകൃത്യമോ, സംബന്ധിച്ച വിവരങ്ങൾ ഏതൊരാൾക്കും സെക്രട്ടറി മുൻപാകെ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(2) മുനിസിപ്പാലിറ്റിക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം ലംഘനങ്ങളും കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്യുന്ന ആളുകൾക്ക് പാരിതോഷികം നൽകാവുന്നതാണ്.

(3) മറ്റൊരാൾക്ക് ദ്രോഹമോ നഷ്ടമോ ഉണ്ടാക്കുന്ന തരത്തിൽ ദുരുദ്ദേശ്യത്തോടെയോ മനഃപൂർവ്വമായോ (1)-ാം ഉപവകുപ്പ് പ്രകാരം തെറ്റായ ഒരു റിപ്പോർട്ട് നൽകുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, പതിനായിരം രൂപ വരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

332 ഡി. മാലിന്യസംസ്കരണ കേന്ദ്രങ്ങൾക്ക് സമീപമുള്ള താമസക്കാർക്ക് പ്രയോജനകരമായ വ്യവസ്ഥകൾ.—(1) മുനിസിപ്പാലിറ്റിക്ക്, സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കോ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കോ വിധേയമായി, കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവയുടെ തൊട്ടടുത്ത് താമസിക്കുന്നവർക്ക് നികുതി ഒഴിവാക്കലോ ഇളവുകളോ ക്ഷേമ പദ്ധതികളോ ഉൾപ്പെടെയുള്ളതും ഇതിൽ മാത്രം പരിമിതപ്പെടുത്താതെയുള്ള മറ്റ് പ്രോത്സാഹനങ്ങളും നൽകാവുന്നതാണ്.

(2) മുനിസിപ്പാലിറ്റിക്ക്, കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവയുടെ തൊട്ടടുത്ത് താമസിക്കുന്നവരുടെ ക്ഷേമത്തിനും വിനോദത്തിനും വേണ്ടി പാർക്കുകൾ, കളിസ്ഥലങ്ങൾ, റീസൈക്ലിംഗ് സൗകര്യങ്ങൾ, സ്വാപ്പ് ഷോപ്പുകൾ, ഫിസിക്കൽ ട്രെയിനിംഗ് സൗകര്യങ്ങൾ തുടങ്ങിയ ഉപയോഗപ്രദവും പ്രയോജനകരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.” .

12. 333-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 333-ാം വകുപ്പിൽ നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(2) യാതൊരാളും കുറഞ്ഞത് മൂന്ന് പ്രവൃത്തി ദിവസം മുമ്പെങ്കിലും മുനിസിപ്പാലിറ്റിയെ അറിയിക്കാതെ, ലൈസൻസില്ലാത്ത ഏതെങ്കിലും സ്ഥലത്ത് നൂറിലധികം ആളുകളുടെ ഒരു പരിപാടിയോ ഒത്തുചേരലോ സംഘടിപ്പിക്കാൻ

പാടില്ലാത്തതും, അത്തരം ആളോ അത്തരം പരിപാടിയുടെ സംഘാടകനോ ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന ഫീസ് നൽകി മുനിസിപ്പാലിറ്റി ചുമതലപ്പെടുത്തിയിട്ടുള്ള മാലിന്യം ശേഖരിക്കുന്നവർക്കോ ഏജൻസികൾക്കോ അത് കൈമാറേണ്ടതുമാണ് :

എന്നാൽ, അത്തരം ഫീസുകൾ മാലിന്യസംസ്കരണത്തിനുള്ള യഥാർത്ഥ ചെലവിനേക്കാൾ കുറഞ്ഞ നിരക്കാകാൻ പാടില്ലാത്തതും ആയത് മുനിസിപ്പാലിറ്റി നിർദ്ദേശിക്കും പ്രകാരം മുൻകൂറായി അടയ്ക്കേണ്ടതുമാണ്.” .

13. 334 സി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ .—പ്രധാന ആക്ടിലെ 334 സി വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“334 സി. മാലിന്യസംസ്കരണ ഫണ്ടിന്റെ രൂപീകരണം.—(1) ഓരോ മുനിസിപ്പാലിറ്റിയും "മാലിന്യസംസ്കരണ ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും, അത് സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്കോ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കോ അനുസൃതമായി കൈകാര്യം ചെയ്യേണ്ടതുമാണ്.

(2) മാലിന്യസംസ്കരണ ഫണ്ടിലേക്ക് താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(എ) മാലിന്യസംസ്കരണ ലംഘനങ്ങളുമായി ബന്ധപ്പെട്ട് പിഴയായോ പെനാൽറ്റിയായോ ഈടാക്കിയ തുകകൾ;

(ബി) മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടിൽ നിന്നും ലഭിച്ച സംഭാവനകൾ;

(സി) ഈ ആവശ്യത്തിലേക്കായി ലഭിച്ച സ്പോൺസർഷിപ്പ് തുകകളോ മറ്റേതെങ്കിലും സംഭാവനകളോ;

(ഡി) സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും തുകകൾ.

(3) ഫണ്ട് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി,—

(എ) മാലിന്യങ്ങളുടെ വേർതിരിക്കൽ, ശേഖരണം, ഗതാഗതം, പരിപാലനം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള, എന്നാൽ ഇതിൽ മാത്രം പരിമിതപ്പെടുത്താതെ, എല്ലാ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കും;

(ബി) കാര്യക്ഷമമായ മാലിന്യസംസ്കരണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും;

(സി) മാലിന്യസംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശീലനത്തിനും കാര്യശേഷി വികസന പരിപാടികൾക്കും;

(ഡി) സർക്കാർ അംഗീകരിച്ച മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട

മറ്റേതെങ്കിലും പ്രവർത്തനങ്ങൾക്കും

ഉപയോഗിക്കേണ്ടതാണ്.".

14. 335-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ .—പ്രധാന ആക്റ്റിലെ 335-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"335. കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം.—1) ഓരോ കടയുടെയും വാണിജ്യ സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും അതിന്റെ പരിസരത്ത് മാലിന്യം വലിച്ചെറിയുകയോ തള്ളുകയോ കത്തിക്കുകയോ ചെയ്യാതിരിക്കുകയും അല്ലെങ്കിൽ അതിന്റെ പരിസരത്ത് ഏതെങ്കിലും മാലിന്യം വലിച്ചെറിയാനോ തള്ളാനോ കത്തിക്കാനോ ഉപഭോക്താക്കളെ അനുവദിക്കാതിരിക്കുകയും ചെയ്യേണ്ടത് ഉടമയുടെയോ കൈവശക്കാരന്റെയോ ഉത്തരവാദിത്വമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് സെക്രട്ടറിക്കോ, സെക്രട്ടറി പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴ ചുമത്താവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ്പ്രകാരം ചുമത്തപ്പെട്ടിട്ടുള്ള പിഴ, അത് ചുമത്തിയ തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, സെക്രട്ടറി, അയാൾക്കെതിരെ എടുക്കാവുന്ന മറ്റ് നടപടികൾക്ക് ഭംഗം വരാത്ത വിധത്തിൽ, പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, 'കടകൾ', 'വാണിജ്യ സ്ഥാപനം' എന്നീ വാക്കുകൾക്ക് യഥാക്രമം 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ (1960-ലെ 34) അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്." .

15. 337-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 337-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"337.<u>ഉപയോഗിച്ച വെള്ളം പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കുന്നത് തടയൽ.</u>—(1) യാതൊരാളും ഏതെങ്കിലും സിങ്ക്, ചാൽ, തൊഴുത്ത്, ഹോട്ടൽ, റസ്റ്റോറന്റ്, വീട്, വ്യവസായ സ്ഥാപനം, ആശുപത്രി അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം, പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം അല്ലെങ്കിൽ ജലമാർഗ്ഗം എന്നിവിടങ്ങളിലേക്ക് ഒഴുക്കുകയോ ഒഴുക്കുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ അത്തരം പരിസരങ്ങളിൽ നിന്ന് അത്തരം ഉപയോഗിച്ച വെള്ളം ഒഴുക്കുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ അതിനു കാരണമാകുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളിന്റെയും മേൽ സെക്രട്ടറിക്ക് അയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അമ്പതിനായിരം രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്.

(3) സെക്രട്ടറിക്ക്, ഏതെങ്കിലും പൊതു റോഡിലേക്കോ ഓടയിലേക്കോ തെരുവിലേക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പൊതുസ്ഥലത്തേക്കോ അല്ലെങ്കിൽ ജലാശയങ്ങളിലേക്കോ മലിനജലം ഒഴുകാൻ അനുവദിക്കുന്ന ഏതെങ്കിലും പൈപ്പോ ട്യൂബോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗമോ അടയ്ക്കുവാനോ മൂടുവാനോ അല്ലെങ്കിൽ നീക്കം ചെയ്യുവാനോ നോട്ടീസ് മുഖേന അത്തരം പരിസരത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ നിർദ്ദേശിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള നിർദ്ദേശം ലഭിച്ച ഏതൊരാളും നിർദ്ദേശം ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ അത്തരം നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അയാൾ വീഴ്ചവരുത്തിയാൽ, സെക്രട്ടറി, (2)-ാം ഉപവകുപ്പ് പ്രകാരം സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, അത്തരം പൈപ്പ്, ട്യൂബ് അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അടയ്ക്കുകയോ മൂടുകയോ അല്ലെങ്കിൽ നീക്കം ചെയ്യുകയോ ചെയ്യേണ്ടതും ഇതിന് വേണ്ടി വരുന്ന യഥാർത്ഥ ചെലവ് അയാളിൽ നിന്നും ഈടാക്കേണ്ടതുമാണ്." .

16. <u>340-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 340-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 340. <u>പൊതുസ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നതിനുള്ള നിരോധനം.</u>—(1) മാലിന്യം ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിലൊഴികെ തെരുവിലോ ഓടയിലോ പൊതുസ്ഥലത്തോ യാതൊരാളും ഏതെങ്കിലും മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ച് മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവർത്തികൾ ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) നിർണ്ണയിച്ചിട്ടുള്ളതു പ്രകാരമോ അല്ലെങ്കിൽ സെക്രട്ടറി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലാതെ യാതൊരാളും ഏതെങ്കിലും സ്വകാര്യ സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുകയോ വലിച്ചെറിഞ്ഞ് വൃത്തികേടാക്കുകയോ തള്ളുകയോ കത്തിക്കുകയോ കുഴിച്ചു മൂടുകയോ അല്ലെങ്കിൽ അത്തരം പ്രവർത്തി ചെയ്യുന്നതിന് കാരണമാവുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(3) (1)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ഏതെങ്കിലും ആൾ ലംഘിച്ചുവെന്ന് ബോധ്യപ്പെട്ടാൽ, പ്രസ്തുത ലംഘനത്തിന്റെ തോതോ ഗൗരവമോ സ്വഭാവമോ അനുസരിച്ച് സെക്രട്ടറിക്കോ സെക്രട്ടറി ഈ ആവശ്യത്തിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അത്തരം ആളുടെ മേൽ തൽസമയം അയ്യായിരം രൂപവരെ ആകാവുന്ന പിഴ ചുമത്താവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം ചുമത്തപ്പെട്ട പിഴ അത് ചുമത്തിയ തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, സെക്രട്ടറി, അയാൾക്കെതിരെ എടുക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കേണ്ടതുമാണ്.” .

17. 340 എ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 340 എ വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"340 എ. മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനുള്ള നിരോധനം.—(1) യാതൊരാളും പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ജലസ്രോതസ്സിലോ മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ വലിച്ചെറിയുകയോ തള്ളുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ ഏതെങ്കിലും കക്കൂസിൽ നിന്ന് അതിലേക്ക് വെള്ളം ഒഴുകാൻ അനുവദിക്കുകയോ അല്ലെങ്കിൽ മലിനജലം അതിലേക്ക് ഒഴുകാൻ അനുവദിക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ ജലം മലിനമാക്കുകയോ അല്ലെങ്കിൽ, അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ നിയോഗിക്കുകയോ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.” .

18. 340 ബി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 340 ബി വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 340 ബി. മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും.—(1) ഈ അദ്ധ്യായത്തിന് കീഴിലുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തി കൊണ്ടുപോകുന്നതോ അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹനത്തെ അല്ലെങ്കിൽ യാനപാത്രത്തെ, സെക്രട്ടറിയോ ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തിയ മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥനോ, സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും, അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കേണ്ടതുമാണ്.

(2) അന്വേഷണത്തിന് ശേഷം, ഈ അദ്ധ്യായത്തിൻ കീഴിലുള്ള ഏതെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്യാൻ വാഹനം അല്ലെങ്കിൽ യാനപാത്രം ഉപയോഗിച്ചിട്ടുണ്ടെന്ന് വിശ്വസിക്കാൻ ന്യായമായ കാരണമുണ്ടെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ, അങ്ങനെ പിടിച്ചെടുത്ത വാഹനം അല്ലെങ്കിൽ യാനപാത്രം കണ്ടുകെട്ടാവുന്നതും, അല്ലാത്തപക്ഷം, ആയത് വിട്ടുനൽകേണ്ടതുമാണ്.

(3) വാഹനത്തിന്റെയോ യാനപാത്രത്തിന്റെയോ ഉടമയ്ക്കോ അല്ലെങ്കിൽ ആരിൽ നിന്നാണോ അത് പിടിച്ചെടുത്തത് അവർക്ക്—

(i) വാഹനമോ യാനപാത്രമോ കണ്ടുകെട്ടാൻ കാരണമായ സംഗതികളെക്കുറിച്ച് അയാളെ രേഖാമൂലം അറിയിച്ചുകൊണ്ട് ഒരു നോട്ടീസ് നൽകാതെയും; കൂടാതെ

(ii)കണ്ടുകെട്ടാനുള്ള കാരണത്തിനെതിരെ, നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള ന്യായമായ സമയത്തിനുള്ളിൽ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകാതെയും

ഈ വകുപ്പ് പ്രകാരം ഏതെങ്കിലും വാഹനമോ യാനപാത്രമോ കണ്ടുകെട്ടാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്.

(4) പിടിച്ചെടുത്ത വാഹനത്തിലോ യാനപാത്രത്തിലോ മാലിന്യമോ ചവറോ അല്ലെങ്കിൽ വിസർജ്ജ്യമോ ഉള്ള സന്ദർഭങ്ങളിൽ, വാഹനമോ യാനപാത്രമോ പിടിച്ചെടുക്കുന്ന ആൾ, അദ്ദേഹം സെക്രട്ടറിയല്ലെങ്കിൽ, അത്തരം പിടിച്ചെടുക്കൽ ഉടൻ സെക്രട്ടറിയെ അറിയിക്കേണ്ടതും, ഈ അദ്ധ്യായത്തിൻ കീഴിൽ എടുക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, വാഹനത്തിന്റെയോ യാനപാത്രത്തിന്റെയോ ഉടമയുടെ

ചെലവിൽ മാലിന്യം, ചവർ അല്ലെങ്കിൽ വിസർജ്ജ്യങ്ങൾ സെക്രട്ടറി നീക്കം ചെയ്യേണ്ടതും ഇങ്ങനെ നീക്കം ചെയ്യുന്നതിനുള്ള ചെലവും അയ്യായിരം രൂപയിൽ കവിയാത്ത പിഴയും സെക്രട്ടറി ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(5) വാഹനമോ യാനപാത്രമോ കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യേണ്ടതും അങ്ങനെ ലഭിക്കുന്ന തുക മാലിന്യസംസ്കരണ ഫണ്ടിലേക്ക് വരവ് വയ്ക്കേണ്ടതുമാണ്.” .

19. <u>345-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 345-ാം വകുപ്പിൽ, "അയാൾ, 340 <u>എ</u> വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും അക്കങ്ങൾക്കും അക്ഷരത്തിനും പകരം "അയാൾക്ക്, ഈ അദ്ധ്യായത്തിൽ മറ്റൊരിടത്തും ശിക്ഷയൊന്നും നൽകിയിട്ടില്ലായെങ്കിൽ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

20. <u>345 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 345-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 345 <u>എ</u>. <u>പിഴ ചുമത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ.</u>—(1) 340-ാം വകുപ്പിലും 340 <u>എ</u> വകുപ്പിലും പരാമർശിച്ചിട്ടുള്ള ശിക്ഷകൾ ഒഴികെയുള്ള ഈ അദ്ധ്യായത്തിൻ കീഴിലെ യാതൊരു പിഴയും—

(i) അത് ചുമത്താൻ കാരണമായ സംഗതികളെക്കുറിച്ച് അയാളെ രേഖാമൂലം അറിയിച്ചുകൊണ്ട് ഒരു നോട്ടീസ് നൽകാതെയും; കൂടാതെ

(ii)അത് ചുമത്താനുള്ള കാരണത്തിനെതിരെ, നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള ന്യായമായ സമയത്തിനുള്ളിൽ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെയും

സെക്രട്ടറി ചുമത്താൻ പാടില്ലാത്തതാണ്.

(2)(1)-ാം ഉപവകുപ്പ് പ്രകാരം പിഴ നിശ്ചയിക്കുന്ന സംഗതികളിൽ, സെക്രട്ടറി അതിൽ ഉൾപ്പെട്ടിരിക്കുന്ന മാലിന്യത്തിന്റെ വലുപ്പം അല്ലെങ്കിൽ അളവ്, വീട്, ഹോട്ടൽ, വ്യവസായം, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ തരം, വലുപ്പം, സ്ഥാനം കൂടാതെ, സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഏതെങ്കിലും ചട്ടങ്ങൾ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

(3) ഈ അദ്ധ്യായത്തിൻ കീഴിൽ ചുമത്തുന്ന ഏതൊരു പിഴയും 538 <u>ബി</u> വകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പൊതുനികുതി കുടിശ്ശികയെന്ന പോലെ ഈടാക്കേണ്ടതാണ്.”.

21. <u>509-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 509-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ " 390" എന്ന അക്കത്തിന് മുൻപ് " 326 സി, 327, 335, 337, 340," എന്ന അക്കങ്ങളും അക്ഷരവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) (6)-ാം ഉപവകുപ്പിൽ " 390" എന്ന അക്കത്തിന് മുൻപ് " 326 സി, 327, 335, 337, 340," എന്ന അക്കങ്ങളും അക്ഷരവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(iii) (7)-ാം ഉപവകുപ്പിൽ " 390" എന്ന അക്കത്തിന് മുൻപ് " 326 സി, 327, 335, 337, 340," എന്ന അക്കങ്ങളും അക്ഷരവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

22. <u>565-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 565-ാം വകുപ്പിൽ, —

(i) (2)-ാം ഉപവകുപ്പിൽ (യു) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (വി)അദ്ധ്യായം XVI എ-യിൽ വ്യക്തമാക്കിയിട്ടുള്ള മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ;

(ഡബ്ല്യു) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിനും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി നിർമ്മാണ-പൊളിക്കൽ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, ശുചിത്വ മാലിന്യങ്ങൾ, അപകടകരമായ ഗാർഹിക മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, ദ്രവമാലിന്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ." ;

(ii) (4)-ാം ഉപവകുപ്പിൽ "അഞ്ഞൂറ് രൂപയോളം " എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപയോളം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

23. <u>570-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 570-ാം വകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "അഞ്ഞൂറു രൂപയോളം" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപയോളം" എന്ന വാക്കുകളും "അമ്പതു രൂപയോളം " എന്ന വാക്കുകൾക്ക് പകരം "ഇരുനൂറ് രൂപയോളം" എന്ന വാക്കുകളും ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ "അമ്പതു രൂപയോളം" എന്ന വാക്കുകൾക്ക് പകരം "ഇരുനൂറ് രൂപയോളം " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

24. <u>572-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 572-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "സർക്കാർ" എന്ന വാക്കിന് ശേഷം, "അല്ലെങ്കിൽ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

25. <u>നാലാം പട്ടികയ്ക്കുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ നാലാം പട്ടികയിൽ "സാധാരണ ശിക്ഷകൾ" എന്ന ശീർഷകത്തിൻകീഴിൽ (1)-ാം കോളത്തിൽ,—

(i) 253-ാം വകുപ്പിനെതിരെ (3)-ാം കോളത്തിൽ, "തൊഴിലാളികളുടെയും മറ്റും ലിസ്റ്റ് സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്നതിന്" എന്ന വാക്കുകൾക്ക് പകരം " സ്ഥാപനങ്ങൾ മുതലായവയുടെ പേരുനൽകുന്നതിൽ വീഴ്ച വരുത്തുന്നതിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 335-ാം വകുപ്പിനെതിരെ,—

(എ) (3)-ാം കോളത്തിൽ "മൃഗശവങ്ങളും ചവറുകളും മാലിന്യങ്ങളും അനുചിതമായ രീതിയിൽ കൈയ്യൊഴിക്കുന്നത്" എന്ന വാക്കുകൾക്ക് പകരം "കടകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (4)-ാം കോളത്തിൽ "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) 337-ാം വകുപ്പും, അതിനെതിരെയുള്ള (3), (4) എന്നീ കോളങ്ങളിലെ ഉൾക്കുറിപ്പുകളും ഒഴിവാക്കേണ്ടതാണ് ;

(iv)339-ാം വകുപ്പിനെതിരെ (4)-ാം കോളത്തിൽ " ഇരുനൂറ്റി അമ്പത് രൂപ" എന്ന വാക്കുകൾക്ക് പകരം " അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(v) 340-ാം വകുപ്പിനെതിരെ (4)-ാം കോളത്തിൽ "രണ്ടായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(vi)492-ാം വകുപ്പിനെതിരെ (2)-ാം കോളത്തിൽ " 2" എന്ന അക്കത്തിന് പകരം " 12" എന്ന അക്കം ചേർക്കേണ്ടതാണ്.

26. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് ( 2023-ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തങ്ങളുടെ കടമകളെക്കുറിച്ചുള്ള പൗരന്മാരുടെ ധാരണയാണ് പ്രധാനമെന്ന് ഇത് സംബന്ധിച്ച് വിവിധ കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. 2024 മാർച്ച് മാസത്തോടെ സംസ്ഥാനം മുഴുവൻ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള "മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ"-ന്റെ പശ്ചാത്തലത്തിൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ മാലിന്യസംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ ലംഘിക്കുന്നവർക്കുള്ള ശിക്ഷാവ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആക്റ്റിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 176-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2023-ലെ 3) 2023 ഡിസംബർ 7-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2023 ഡിസംബർ 9-ാം തീയതിയിലെ 4006-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4.1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) നാലാം പട്ടികയിൽ 253-ാം വകുപ്പിനെതിരെ (3)-ാം കോളത്തിൽ "തൊഴിലാളികളുടെയും മറ്റും ലിസ്റ്റ് സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് " എന്നും 492-ാം വകുപ്പിനെതിരെ (2)-ാം കോളത്തിൽ “ (2)” എന്നുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഉൾക്കുറിപ്പുകൾ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 253-ാം വകുപ്പിന്റെയും 492-ാം വകുപ്പ് (12)-ാം ഉപവകുപ്പിന്റെയും വ്യവസ്ഥകൾക്കനുസൃതമല്ല. ആയതിനാൽ മേൽപരാമർശിച്ച വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത ആക്റ്റിന്റെ നാലാം പട്ടികയിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

5. 2023-ലെ 3-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനും നാലാം പട്ടികയിൽ മേൽ പരാമർശിച്ച പ്രകാരം ഭേദഗതി കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 326 എ വകുപ്പ് (1)-ാം ഉപവകുപ്പ് ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും;

(ii) 326 ഡി വകുപ്പ് (6)-ാം ഉപവകുപ്പ്, ഏതെങ്കിലും മാലിന്യ ഉത്പാദകനെ അല്ലെങ്കിൽ മാലിന്യ ഉത്പാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെ യൂസർ ഫീസ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതിലേക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 327-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പ്, ജൈവമാലിന്യങ്ങൾ, അജൈവമാലിന്യങ്ങൾ, അപകടകരമായ ഗാർഹിക മാലിന്യങ്ങൾ സംഭരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളോ ബൈലോകളോ പ്രകാരം നിർണ്ണയിക്കുവാനും;

(ii) (3)-ാം ഉപവകുപ്പ് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമായി മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങളോ ബൈലോകളോ പ്രകാരം നിഷ്കർഷിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന,—

(i) 332 എ വകുപ്പ് സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും ;

(ii) 332 സി വകുപ്പ് (2)-ാം ഉപവകുപ്പ് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കുറ്റകൃത്യങ്ങളും ലംഘനങ്ങളും സംബന്ധിച്ച് റിപ്പോർട്ട് നൽകുന്ന ആളുകൾക്ക് പാരിതോഷികങ്ങൾ നൽകുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും ;

(iii) 332 ഡി വകുപ്പ് (1)-ാം ഉപവകുപ്പ് കേന്ദ്രീകൃത മാലിന്യസംസ്കരണ കേന്ദ്രങ്ങൾ അല്ലെങ്കിൽ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവയുടെ സമീപത്തുള്ള താമസക്കാർക്ക് പ്രയോജനകരമായ വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കുന്നതിനും പുറപ്പെടുവിക്കുന്നതിനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 13-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 334 സി വകുപ്പ് (1)-ാം ഉപവകുപ്പ് മാലിന്യസംസ്കരണ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കുന്നതിനോ പുറപ്പെടുവിക്കുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 16-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 340-ാം വകുപ്പ് (2)-ാം ഉപവകുപ്പ് സ്വകാര്യ സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളാൽ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 20-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 345 എ വകുപ്പ് (2)-ാം ഉപവകുപ്പ് മാലിന്യങ്ങൾ തള്ളുമ്പോൾ പിഴ നിശ്ചയിക്കുന്ന സംഗതികളിൽ മാലിന്യത്തിന്റെയും സ്ഥാപനത്തിന്റെയും തരം, വലുപ്പം മുതലായവ കൂടി പരിഗണിക്കുന്നതിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ ഉണ്ടാക്കുന്നതിനോ പുറപ്പെടുവിക്കുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. ബി. രാജേഷ്.

## ഖണ്ഡങ്ങളിൻമേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ചില സംഗതികളിൽ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന പ്രധാന ആക്റ്റിലെ 58-ാം വകുപ്പിൽ മാലിന്യസംസ്കരണം എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—അദ്ധ്യായം XVI എ എന്ന ശീർഷകം ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—അദ്ധ്യായം XVI എ-യിൽ 325 എ എന്ന പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—ചവറും ഖരാവസ്ഥയിലുള്ള വർജ്യവസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റി ഏർപ്പാടു ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രധാന ആക്റ്റിലെ 326-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—സർക്കാർ നിർദ്ദേശങ്ങൾ കൗൺസിൽ നടപ്പിലാക്കുന്നതു സംബന്ധിച്ചും മാലിന്യസംസ്കരണത്തിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ, വേർതിരിച്ച മാലിന്യം മുനിസിപ്പാലിറ്റിക്കോ അംഗീകൃത ഏജൻസിക്കോ കൈമാറുന്നതിനുള്ള ഉത്തരവാദിത്വം, യൂസർഫീസുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രധാന ആക്റ്റിലെ 326 വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—ഖരമാലിന്യങ്ങൾ സംഭരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാലിന്യ ഉൽപാദകർക്കുള്ള ചുമതലകൾ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 327-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി മാലിന്യ ഉൽപാദകനുമായോ അല്ലെങ്കിൽ ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ ഉള്ള കരാറുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 328-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—വാതിൽപ്പടി മാലിന്യ ശേഖരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 329-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—മാലിന്യസംസ്കരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 331-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—സംയുക്ത മാലിന്യസംസ്കരണ പദ്ധതികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 332-ാം വകുപ്പിന് ശേഷം പുതിയ വകുപ്പുകൾ ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—ലൈസൻസില്ലാത്ത സ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ മാലിന്യസംസ്കരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രധാന ആക്റ്റിലെ 333-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—മാലിന്യസംസ്കരണ ഫണ്ട് രൂപീകരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 334 സി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—കടകളുടെയും വാണിജ്യസ്ഥാപനങ്ങളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 335-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ ഉപയോഗിച്ച വെള്ളം ഒഴുക്കുന്നത് തടയുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 337-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—പൊതുസ്ഥലങ്ങളിലേക്കോ സ്വകാര്യ സ്ഥലങ്ങളിലേക്കോ മാലിന്യം വലിച്ചെറിയുന്നതിനുള്ള നിരോധനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 340-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനുള്ള നിരോധനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 340 എ വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കുന്നതും കണ്ടുകെട്ടലും സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 340 ബി വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—ചവറോ ഖരമാലിന്യമോ വലിച്ചെറിയുന്നതിനോ നിക്ഷേപിക്കുന്നതിനോ ഉള്ള ശിക്ഷ സംബന്ധിച്ച് പ്രധാന ആക്റ്റിലെ 345-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—പിഴ ചുമത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി പ്രധാന ആക്റ്റിലെ 345-ാം വകുപ്പിന് ശേഷം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—അപ്പീൽ നൽകുന്നതിൽ നിന്നും ആക്റ്റിലെ ചില വകുപ്പുകൾ ഒഴിവാക്കുന്നതു സംബന്ധിച്ച് പ്രധാന ആക്റ്റിലെ 509-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ചട്ടങ്ങൾ വഴി ഉണ്ടാക്കാവുന്ന കാര്യങ്ങളും ചട്ടങ്ങളുടെ ലംഘനത്തിന് നൽകുന്ന പിഴശിക്ഷ സംബന്ധിച്ചും പ്രധാന ആക്റ്റിലെ 565-ാം വകുപ്പിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—ബൈലോകളോ റെഗുലേഷനുകളോ ലംഘിച്ചാലുള്ള പിഴശിക്ഷ സംബന്ധിച്ച് പ്രധാന ആക്റ്റിലെ 570-ാം വകുപ്പ് ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ബൈലോകളോ റെഗുലേഷനുകളോ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച് പ്രധാന ആക്റ്റിലെ 572-ാം വകുപ്പ് ഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം .—പ്രധാന ആക്റ്റിലെ നാലാം പട്ടികയിൽ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—റദ്ദാക്കലും ഒഴിവാക്കലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

# 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20)നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

58. മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിനുള്ള അധികാരം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ധനകാര്യം, കണക്കുകൾ സൂക്ഷിക്കൽ ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെയും സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തെരഞ്ഞെടുപ്പ്, വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണം എന്നീ സംഗതികളിൽ ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും അത്തരം നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി പാലിക്കേണ്ടതുമാണ്.

** ** ** **

## അദ്ധ്യായം XVI

## ജലവിതരണവും വിളക്കുവയ്പ്പും ശുചീകരണവും

** ** ** **

325. കക്കൂസുകൾക്ക് സ്വകാര്യത വേണമെന്നും അവ വൃത്തിയായി സൂക്ഷിക്കണമെന്നും.—ഏതൊരു കക്കൂസും അത് ഉപയോഗിക്കുന്ന ആൾക്ക് സ്വകാര്യത നൽകുന്ന വിധത്തിലുള്ളതും അതിന്റെ സമീപത്തുകൂടി കടന്നുപോകുന്നവർക്കോ സമീപത്ത് താമസിക്കുന്നവർക്കോ മാലിന്യങ്ങൾ കാഴ്ചയിൽപ്പെടാത്തവിധത്തിലുള്ളതും ആയിരിക്കേണ്ടതും, അതിന് ജലാധിഷ്ഠിതമായ ക്ലോസറ്റ് അടപ്പുള്ള ലീച്ച്പിറ്റ് അല്ലെങ്കിൽ സെപ്റ്റിക് ടാങ്ക് അല്ലെങ്കിൽ ഡ്രെയിനേജ് സംവിധാനം, വലകെട്ടിയ മലിനവായു നിർഗമന സംവിധാനം എന്നിവ ഉണ്ടായിരിക്കേണ്ടതുമാണ്. എല്ലാ കക്കൂസുകളും എപ്പോഴും വൃത്തിയായും ശരിയായ വിധത്തിലും സൂക്ഷിച്ചുപോരേണ്ടതും അവയുടെ പരിസരപ്രദേശത്ത് മലിനജലം കെട്ടിനിൽക്കാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.

## മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ

326. ചവറും ഖരാവസ്ഥയിലുള്ള വർജ്ജ്യ വസ്തുക്കളും മാലിന്യവും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റി ഏർപ്പാടു ചെയ്യണമെന്ന്.—(1) ഓരോ മുനിസിപ്പാലിറ്റിയും—

(എ) പതിവായി തെരുവുകൾ തൂത്തുവാരുന്നതിനും വൃത്തിയാക്കുന്നതിനും അവിടെ നിന്ന് ചവറ് നീക്കം ചെയ്യുന്നതിനും;

** ** ** **

(iv) ഗാർഹിക ചവറും, പൊടി, ചാരം, എച്ചിലുകൾ, ചവറ് അസഹ്യതയുണ്ടാക്കുന്ന വസ്തുക്കൾ, വ്യാവസായിക അവശിഷ്ടങ്ങൾ, സ്ഥാപനങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, മൃഗശവങ്ങൾ എന്നിവ താൽക്കാലികമായി ഇടുന്നതിനുള്ള ചവറുകുട്ടകളും സംഭരണികളും, സ്ഥലങ്ങളും ഏർപ്പെടുത്തിവയ്ക്കേണ്ടതുമാകുന്നു.

(1 എ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മുനിസിപ്പാലിറ്റിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണം സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതും, സെക്രട്ടറി, ഉത്തരവുമൂലം, പ്രസ്തുത കർത്തവ്യങ്ങൾ, തെരുവുകളുടേയും പ്രദേശങ്ങളുടേയും ജോലി സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ, മുനിസിപ്പാലിറ്റിയുടെ പൊതുജനാരോഗ്യത്തിന്റെയും ശുചീകരണത്തിന്റെയും ചുമതലയുള്ള ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ഏൽപ്പിച്ചു നൽകേണ്ടതും അവരെക്കൊണ്ട് പ്രസ്തുത കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിപ്പിക്കേണ്ടതുമാകുന്നു.

** ** ** **

(3) മുനിസിപ്പാലിറ്റിക്ക് കരാറടിസ്ഥാനത്തിൽ, പൊതു സ്ഥലത്തു നിന്നോ സ്വകാര്യ സ്ഥലത്തു നിന്നോ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈയൊഴിയുന്നതിനും മുഴുവനായോ ഭാഗികമായോ ഏർപ്പാട് ചെയ്യാവുന്നതാണ്.

** ** ** **

327. ചവറും ഖരാവസ്ഥയിലുള്ള വർജ്ജ്യവസ്തുക്കളും ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം.— (1)എല്ലാ പരിസരങ്ങളുടെയും ഉടമസ്ഥർ, സെക്രട്ടറി നിർദ്ദേശിക്കുന്ന വലിപ്പത്തിലുള്ള ഒരു സംഭരണി, അങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നും ഉണ്ടാകുന്ന ഗാർഹിക ചവറുകളും വ്യാവസായിക അവശിഷ്ടങ്ങളും സ്ഥാപനങ്ങളിൽ നിന്നുള്ള ചവറുകളും പൊടി, ചാരം , എച്ചിൽ ജീർണ്ണാവശിഷ്ടം മുതലായവും ശേഖരിക്കുന്നതിനായി ഏർപ്പാടാക്കുവാൻ ബാദ്ധ്യസ്ഥരാണ്.

(2) അങ്ങനെയുള്ള സംഭരണികൾ എല്ലാ സമയത്തും ശരിയായ നിലയിൽ വയ്ക്കേണ്ടതും; സെക്രട്ടറി അതതു സമയം രേഖാമൂലമുള്ള നോട്ടീസിനാൽ നിർദ്ദേശിക്കുന്നത്രയും എണ്ണം അങ്ങനെയുള്ള സ്ഥലത്ത് ഏർപ്പാടാക്കേണ്ടതുമാണ്.

(2 എ) മുനിസിപ്പാലിറ്റി നിയോഗിക്കുന്ന ജീവനക്കാർക്കും കരാറുകാർക്കും വർജ്ജ്യവസ്തുക്കൾ ശേഖരിക്കുന്നതിനും കൈയൊഴിക്കുന്നതിനും സഹായകമായവിധം ആ വസ്തുക്കൾ വേർതിരിച്ച് വയ്ക്കുന്നതിലേക്ക് പൊതു നോട്ടീസ് മുഖാന്തരം ഏതൊരു വസ്തുവിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

(3) എല്ലാ പരിസരങ്ങളുടേയും ഉടമസ്ഥരും താമസക്കാരും എല്ലാ ഗാർഹിക ചവറുകളും വ്യവസായിക അവശിഷ്ടങ്ങളും, സ്ഥാപനങ്ങളിൽ നിന്നുള്ള ചവറുകളും, പൊടി, ചാരം, എച്ചിലുകൾ, ചവറുകൾ എന്നിവ അവരവരുടെ സ്ഥലങ്ങളിൽനിന്നും ശേഖരിക്കേണ്ടതും അവ സെക്രട്ടറി അതതു സമയം പൊതുനോട്ടീസിനാൽ നിർദ്ദേശിക്കുന്ന സമയത്ത് പൊതുസംഭരണികളിലോ, ഡിപ്പോയിലോ അഥവാ ചവറുകൾ താൽക്കാലികമായി നിക്ഷേപിക്കുന്നതിന് ഏർപ്പാടാക്കിയിട്ടുള്ള സ്ഥലത്തോ നിക്ഷേപിക്കുകയോ അഥവാ മുനിസിപ്പാലിറ്റി ഇക്കാര്യത്തിനായി ഏർപ്പെടുത്തിയിട്ടുള്ളതോ തിരിച്ചറിഞ്ഞിട്ടുള്ളതോ ആയ ആളുകൾക്ക് കൈമാറുകയോ ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ്.

328. ചവറോ മാലിന്യങ്ങളോ നീക്കം ചെയ്യുന്നതിന് ഉടമസ്ഥനുമായോ താമസക്കാരനുമായോ ഉള്ള കരാർ.—സെക്രട്ടറിക്ക് ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനുമായോ താമസക്കാരനുമായോ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന നിബന്ധനകളിൻമേലും വ്യവസ്ഥകളിൻമേലും അതതു സമയം മുനിസിപ്പാലിറ്റിക്കു തീരുമാനിക്കുന്ന അങ്ങനെയുള്ള നിരക്കിലുള്ള ഫീസ് അടച്ച് ആ പരിസരങ്ങളിൽ നിന്നുമുള്ള ചവറോ മാലിന്യമോ നീക്കം ചെയ്യുന്നതിന് കരാറിലേർപ്പെടാവുന്നതാണ്.

329. വീടുവീടാന്തരമുള്ള ചവറുശേഖരണം ഏർപ്പെടുത്തൽ.—(1) സെക്രട്ടറിക്ക്, കൗൺസിലിന്റെ അനുമതിയോടെ, മുനിസിപ്പൽ പ്രദേശത്തോ അതിന്റെ ഭാഗത്തോ വീടുവീടാന്തരമുള്ള ചവറിന്റെയോ അസഹ്യതയുണ്ടാക്കുന്ന മറ്റു വസ്തുക്കളുടെയോ ശേഖരണം ഏർപ്പെടുത്താവുന്നതും അതിലേക്കായി അദ്ദേഹത്തിന്, അതതു സമയം, ഒരുത്തരവുമൂലം, ഏതെല്ലാം മണിക്കൂറുകൾക്കിടയിൽ ഒരു വീടിന്റെയോ പരിസരങ്ങളുടെയോ ഭൂമിയുടെയോ കൈവശക്കാരൻ അയാളുടെ വീടിന്റെയോ പരിസരങ്ങളുടെയോ ഭൂമിയുടെയോ അല്ലെങ്കിൽ അയാളുടെ വീടുമായോ, പരിസരവുമായോ ഭൂമിയുമായോ ചേർന്ന പൊതുതെരുവിലോ സെക്രട്ടറി പ്രത്യേകം പറയുന്നപ്രകാരം ചവറോ അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളോ ഈ ആവശ്യത്തിനു മുനിസിപ്പാലിറ്റി നൽകുന്ന ശരിയായ സംഭരണിയിലോ സെക്രട്ടറി പ്രത്യേകം പറഞ്ഞിട്ടുള്ള സൈസിലും മാതൃകയിലുമുള്ള സംഭരണിയിലോ അങ്ങനെയുള്ള ചവറുകളോ അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളോ മുനിസിപ്പാലിറ്റിയുടെ ജീവനക്കാരോ ഈ ആവശ്യത്തിലേക്കുവേണ്ടി മുനിസിപ്പാലിറ്റി ഏർപ്പെടുത്തിയിട്ടുള്ള കരാറുകാരോ നീക്കം ചെയ്യുന്നതിലേക്കുവേണ്ടി കൊണ്ടുവയ്ക്കേണ്ടതാണെന്ന് പരസ്യം ചെയ്യാവുന്നതുമാകുന്നു.

(2) സെക്രട്ടറി പ്രത്യേകം പറഞ്ഞിട്ടുള്ള സമയത്തിലല്ലാതെയും (1)-ാം ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ളതോ നിർദ്ദേശിച്ചിട്ടുള്ളതോ ആയ

സംഭരണിയിലല്ലാതെയും ഒരു പൊതുനിരത്തിൽ യാതൊരാളും ചവറുകളോ അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളോ നിക്ഷേപിക്കാൻ പാടില്ലാത്തതാകുന്നു.

** ** ** **

331. ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിക്കുന്നതിനുള്ള വ്യവസ്ഥകൾ.—(1) മാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിക്കുന്ന ആവശ്യത്തിലേക്കായി മുനിസിപ്പൽ പ്രദേശത്തിന്റെ ഉള്ളിലോ വെളിയിലോ ആയി ഓരോ മുനിസിപ്പാലിറ്റിയും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥലം വിജ്ഞാപനം ചെയ്യുമ്പോൾ ആരോഗ്യസംബന്ധവും പരിസ്ഥിതപരവുമായ വശങ്ങൾ മുനിസിപ്പാലിറ്റി പരിഗണനയിൽ എടുക്കേണ്ടതാണ്.

** ** ** **

332. ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള വ്യവസ്ഥകൾ.—ഖരമാലിന്യങ്ങളുടെ റീസൈക്ക്ളിംഗിന്റെയോ, ട്രീറ്റിംഗിന്റെയോ, സംസ്കരണത്തിന്റെയോ, കൈയൊഴിക്കലിന്റെയോ അഥവാ അങ്ങനെയുള്ള ഖരമാലിന്യങ്ങളെ കൂട്ടുവളമാക്കിയോ മറ്റേതെങ്കിലും സാധനമാക്കിയോ മാറ്റുന്നതിന്റെ ആവശ്യത്തിലേക്കായി, മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ വെളിയിലോ ആയി ഏതെങ്കിലും സ്ഥാപനം നിർമ്മിക്കുകയോ, ആർജ്ജിക്കുകയോ, പ്രവർത്തിക്കുകയോ, പരിപാലിക്കുകയോ, നടത്തുകയോ ചെയ്യാവുന്നതും അത് വാണിജ്യാടിസ്ഥാനത്തിൽ നടത്തുകയോ അങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് കരാർ കൊടുക്കുകയോ ചെയ്യാവുന്നതാണ്.

333. തീർത്ഥാടന സ്ഥലങ്ങൾ മുതലായവയുടെമേൽ നിയന്ത്രണമുള്ളവരിൽ നിന്നുള്ള അംശദായങ്ങൾ.—ഒരു ക്രിസ്ത്യൻ പള്ളിയോ, മുസ്ലീം പള്ളിയോ,ക്ഷേത്രമോ, മഠമോ, മതപരമായ ആരാധനയ്ക്കോ ബോധനത്തിനോ ഉള്ള ഏതെങ്കിലും സ്ഥലമോ, മേളകളോ, ഉൽസവങ്ങളോ നടത്തുന്നതിനോ അതുപോലുള്ള മറ്റു കാര്യങ്ങൾക്കോ ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും സ്ഥലമോ ഒരു മുനിസിപ്പൽ പ്രദേശത്തോ അതിന്റെ പരിസരങ്ങളിലോ സ്ഥിതി ചെയ്യുകയും വർഷം മുഴുവനുമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അതു ആകർഷിക്കുകയും ചെയ്യുന്നപക്ഷം പൊതുജനാരോഗ്യത്തിനോ പൊതുരക്ഷയ്ക്കോ സൗകര്യത്തിനോ ആവശ്യമായ സ്ഥിരമോ താൽക്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുനിസിപ്പാലിറ്റി ചെയ്യേണ്ടതും, ആ പ്രദേശത്തിനുമേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ മറ്റേതെങ്കിലും ആളോടോ സർക്കാർ ആ മുനിസിപ്പാലിറ്റിയുടെ നിധിയിലേക്കു നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവർത്തകമോ അനാവർത്തകമോ ആയ അംശദായം നൽകുന്നതിന് ആവശ്യപ്പെടാവുന്നതുമാകുന്നു.

** ** ** **

334 സി മാലിന്യനിർമ്മാർജ്ജന ഫണ്ടിന്റെ രൂപീകരണം.—മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യസംസ്കരണത്തിനായി, മുനിസിപ്പാലിറ്റി ' മാലിന്യ നിർമ്മാർജ്ജന ഫണ്ട് ' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപീക്കേണ്ടതും, നിധിയിൽ ,—

(എ) 334 ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധിക ഫീസ്;

(ബി) മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴ സംഖ്യ;

(സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ;

എന്നിവ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.

335. മൃഗശവങ്ങളും, ചവറും, മാലിന്യവും യുക്തമല്ലാത്ത രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നിരോധനം.—(1) ചവറും ഖരമാലിന്യങ്ങളും മൃഗശവങ്ങളും മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനും നീക്കം ചെയ്യുന്നതിനും 326-ാം വകുപ്പുപ്രകാരം യഥാവിധിയായ വ്യവസ്ഥകൾ മുനിസിപ്പാലിറ്റി ചെയ്തതിനുശേഷം,—

(എ) ഏതെങ്കിലും തെരുവിലോ, ഏതെങ്കിലും കെട്ടിടത്തിന്റെ വരാന്തയിലോ, ഏതെങ്കിലും തെരുവിനോടു ചേർന്ന ഒഴിഞ്ഞ സ്ഥലത്തോ ഏതെങ്കിലും പൊതുകടവിലോ, ജെട്ടിയിലോ ഇറക്കുസ്ഥലത്തോ അല്ലെങ്കിൽ ഒരു ജലമാർഗ്ഗത്തിന്റെയോ കുളത്തിന്റെയോ കരയിലോ; അഥവാ

(ബി) അത് നീക്കം ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ലാത്ത ഏതെങ്കിലും ചവറ്റുവീപ്പയിലോ, ഏതെങ്കിലും വാഹനത്തിലോ ;അഥവാ

(സി) ദുർഗന്ധം നശിപ്പിക്കുന്നതിനോ പകർച്ച തടയുന്നതിനോ ഒഴികെ, അങ്ങനെയുള്ള നീക്കം ചെയ്യലിനു ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വാഹനത്തിലോ യാനപാത്രത്തിലോ, —

യാതൊരാളും, അവ നിക്ഷേപിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗംവരാതെ, യാതൊരാളും, മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ, ഏതെങ്കിലും തെരുവിലോ പൊതുവായതോ സ്വകാര്യമായതോ ആയ ഭൂമിയിലോ എന്തെങ്കിലും കെട്ടിട ചവറുകൾ നിക്ഷേപിക്കുകയോ നിക്ഷേപിക്കാനിടയാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു:

എന്നാൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് നൽകാതെ യാതൊരു അനുവാദവും നൽകാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, സെക്രട്ടറിക്ക് എഴുതി രേഖപ്പെടുത്തേണ്ടതായ കാരണങ്ങളാൽ, അങ്ങനെയുള്ള അനുവാദം നിഷേധിക്കാവുന്നതാണ്.

** ** ** **

337. മാലിന്യം ബഹിർഗമിക്കാനനുവദിക്കുന്നതിനെതിരെയുള്ള നിരോധനം.— ഏതെങ്കിലും പരിസരത്തിന്റെ ഏതെങ്കിലും ഉടമസ്ഥനോ കൈവശക്കാരനോ, അങ്ങനെയുള്ള പരിസരങ്ങളിൽനിന്ന് ഏതെങ്കിലും തൊട്ടിയിലോ ഓടയിലോ കക്കൂസിലോ തൊഴുത്തിലോ നിന്നുള്ള വെള്ളമോ മറ്റേതെങ്കിലും മാലിന്യമോ ഒരു അഴുക്കുചാലിലോ അഴുക്കുതൊട്ടിയിലോ ഒഴികെ ഒരു തെരുവിന്റെ ഏതെങ്കിലും ഭാഗത്തേക്ക്, പുറത്തേക്ക് ഒഴുക്കുവാനോ അഥവാ ഒരു തെരുവിന്റെ ഭാഗമായ ഒരു അഴുക്കുചാലിന്റെ വശത്തുള്ള ഭിത്തിയോ തറയോ പ്രസ്തുത ജലമോ മാലിന്യമോ കാരണം കുതിർന്ന് ഒഴിവാക്കാമായിരുന്ന ശല്യം ഉണ്ടാകത്തക്കവിധത്തിൽ ആ ജലമോ മാലിന്യമോ ആ പരിസരത്തിൽനിന്നും പുറത്തേക്ക് ഒഴുക്കുവാനോ പാടുള്ളതല്ല.

** ** ** **

340. ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം.—(1) ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെടാത്ത യാതൊരു പൊതുസ്ഥലത്തും യാതൊരാളും ഏതെങ്കിലും ചവറോ മാലിന്യമോ മറ്റ് അവശിഷ്ടങ്ങളോ ഇടാനോ ഇടുവിക്കുവാനോ പാടില്ലാത്തതാകുന്നു.

(2) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെടാത്ത ഒരു പൊതുസ്ഥലത്ത് ആരെങ്കിലും അവ ഇടുകയോ ഇടുവിക്കുകയോ ചെയ്യുന്നതിനായി, സെക്രട്ടറിക്കോ, അദ്ദേഹം ഇതിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ബോദ്ധ്യപ്പെടുന്നപക്ഷം, അപ്രകാരം ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുകയോ ഇടുവിക്കുകയോ ചെയ്യുന്ന ആൾക്കെതിരെ തൽസമയം തന്നെ ഇരുനൂറ്റി അൻപതു രൂപയിൽ കവിയാത്ത തുക പിഴശിക്ഷയായി ചുമത്തേണ്ടതും, അപ്രകാരം ചുമത്തിയ പിഴത്തുക പതിനഞ്ചു ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതും അപ്രകാരം അടയ്ക്കാത്ത പക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

340 എ. ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനം.—(1) 208 എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഒരു പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ഏതെങ്കിലും ജലസ്രോതസ്സിലോ ഏതൊരാളും ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ, ജലം ദൂഷിപ്പിക്കുകയോ, അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിനു ആരെയെങ്കിലും നിയമിക്കുകയോ നിയോഗിക്കുകയോ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തിയ്യായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

340 ബി. മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും.—(1) 340 എ വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തികൊണ്ടു പോകുന്നതോ, അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചതിനുശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹനത്തെ, സെക്രട്ടറിക്കോ ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തിയ മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥനോ,സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ, പിടിച്ചെടുക്കേണ്ടതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചശേഷം, അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കേണ്ടതുമാകുന്നു.

(2) അപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു വാഹനം, നിർണ്ണയക്കപ്പെട്ട പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചശേഷം അതതു സംഗതിപോലെ, വിട്ടുകൊടുക്കാവുന്നതോ കണ്ടുകെട്ടാവുന്നതോ ആകുന്നു.

(3) വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽ കൂട്ടുകയും ചെയ്യേണ്ടതാണ്.

** ** ** **

345. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക വിരുദ്ധമായി ഏതെങ്കിലും ചവറോ ഖരമാലിന്യമോ വലിച്ചെറിയുന്നതിനോ നിക്ഷേപിക്കുന്നതിനോ ഉള്ള ശിക്ഷ.—യാതൊരാളും ഏതെങ്കിലും ചവറോ ഖരമാലിന്യങ്ങളോ, മാലിന്യമോ മൃഗശവങ്ങളോ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക വിരുദ്ധമായി നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നതായാൽ അയാൾ 340 എ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ, കുറ്റസ്ഥാപനത്തിൻമേൽ, അഞ്ഞൂറ് രൂപയിൽ കുറയാത്തതും രണ്ടായിരം രൂപ വരെ ആകാവുന്നതുമായ പിഴശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതാണ്.

** ** ** **

## അദ്ധ്യായം XXIII

## അപ്പീലുകളും റിവിഷനും

509. അപ്പീലും റിവിഷനും.—(1) 390, 391, 395, 406, 408 എന്നീ വകുപ്പുകൾ ഒഴികെയുള്ള ഈ ആക്റ്റിൻ കീഴിലെ വ്യവസ്ഥകളോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ, ബൈലാകളോ, റഗുലേഷനുകളോ പ്രകാരം ചെയർപേഴ്സണോ സെക്രട്ടറിയോ പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനോ, പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനോ എടുത്ത ഏതെങ്കിലും നടപടിക്കോ എതിരായി കൗൺസിലിൽ അപ്പീൽ നൽകാവുന്നതാണ്.

** ** ** **

(6) 390, 391, 395, 406, 408 എന്നീ വകുപ്പുകൾ പ്രകാരം സെക്രട്ടറി പുറപ്പെടുവിച്ച ഏതെങ്കിലും നോട്ടീസിനോ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനോ എതിരായി ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ച് മുപ്പത് ദിവസത്തിനകം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 271 എസ് വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

(7) 310 മുതൽ 508 വരെയുള്ള വകുപ്പുകളിൽ 390,391,395,406,408 എന്നീ വകുപ്പുകൾ ഒഴികെയുള്ള വകുപ്പുകളിലോ അവയ്ക്ക് കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെ ബൈലാകളിലോ റഗുലേഷനുകളിലോ വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും തീരുമാനത്തിനോ അപ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെയർപേഴ്സണോ സെക്രട്ടറിയോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ, നോട്ടീസിനോ എതിരായി ഏതൊരാൾക്കും അപ്രകാരമുള്ള തീരുമാനമോ ഉത്തരവോ നോട്ടീസോ പുറപ്പെടുവിച്ച് മുപ്പത് ദിവസത്തിനകം ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

** ** ** **

## അദ്ധ്യായം XXVI

## ചട്ടങ്ങളും ബൈലാകളും റഗുലേഷനുകളും

565. <u>ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുന്നതിനുവേണ്ടി ഗസറ്റ് വിജ്ഞാപനംവഴി, സർക്കാരിന് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൻകാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതക്ക് ഹാനി കൂടാതെയും അവർക്ക് താഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.—

(എ) തിരഞ്ഞെടുപ്പു ഹർജികളും കൗൺസിലർമാരായി തിരഞ്ഞെടുപ്പിനു നിൽക്കുന്ന സ്ഥാനാർത്ഥികൾ കെട്ടിവയ്ക്കേണ്ട തുകകളും അങ്ങനെയുള്ള നിക്ഷേപങ്ങൾ കണ്ടുകെട്ടുന്നത് സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടെ ചെയർപേഴ്സന്റെയോ ഡെപ്യൂട്ടി ചെയർപേഴ്സന്റെയോ അഥവാ കൗൺസിലർമാരുടെയോ തിരഞ്ഞെടുപ്പു കാര്യത്തിൽ, ഈ ആക്റ്റിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത എല്ലാ കാര്യങ്ങളെയും സംബന്ധിച്ചും ;

** ** ** **

(യു) മുനിസിപ്പൽ ഭരണത്തെയും ചുമതലകളെയും സംബന്ധിച്ച് അറിയുവാനുള്ള ആളുകളുടെ അവകാശം

** ** ** **

(4)ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ അതിന്റെ ലംഘനത്തിന് അഞ്ഞൂറ് രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണെന്ന് സർക്കാരിന് വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.

** ** ** **

570. <u>ബൈലാകളോ റഗുലേഷനുകളോ ലംഘിച്ചാലുള്ള ശിക്ഷ</u>.—ബൈലായോ റെഗുലേഷനുകളോ ഉണ്ടാക്കുമ്പോൾ കൗൺസിലിന്, അത് ലംഘിച്ചാൽ,

(എ) അഞ്ഞൂറു രൂപയോളം വരാവുന്ന പിഴയും ലംഘനം തുടരുന്ന സംഗതിയിൽ ആദ്യത്തെ ലംഘനത്തിനുള്ള കുറ്റ സ്ഥാപനത്തിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും അമ്പതുരൂപയോളം വരാവുന്ന പിഴയും, അല്ലെങ്കിൽ;

(ബി) ലംഘനം തുടരരുതെന്ന് സെക്രട്ടറിയിൽനിന്നു നോട്ടീസ് ലഭിച്ചശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയോളം വരാവുന്ന പിഴയും,

ശിക്ഷ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** ** **

572. <u>ബൈലാകളോ റെഗുലേഷനുകളോ സ്ഥിരീകരിക്കൽ</u>.—(1)ഏതെങ്കിലും ബൈലായോ, റഗുലേഷനോ, അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

** ** ** **

## നാലാം പട്ടിക

[ 275(2)-ാം വകുപ്പും 511-ാം വകുപ്പും കാണുക]

### സാധാരണ ശിക്ഷകൾ

| വകുപ്പ് | ഉപവകുപ്പ് | വിഷയം | ചുമത്താവുന്ന പിഴ |
|---|---|---|---|
| (1) | (2) | (3) | (4) |
| ** | ** | ** | ** |
| ** | ** | ** | ** |
| 253 | (2) | തൊഴിലാളികളുടെയും മറ്റും ലിസ്റ്റ് സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | അയ്യായിരം രൂപ |
| ** | ** | ** | ** |
| 335 | | മൃഗശവങ്ങളും ചവറുകളും മാലിന്യങ്ങളും അനുചിതമായ രീതിയിൽ കൈയൊഴിക്കുന്നതിന് | അഞ്ഞൂറ് രൂപ |
| ** | ** | ** | ** |
| 337 | | തെരുവുകളിൽ കൂടി മാലിന്യം ഒഴുകി പോകാൻ അനുവദിക്കുന്നതിന് | രണ്ടായിരത്തി അഞ്ഞൂറ് രൂപ |
| ** | ** | ** | ** |
| 339 | | മാലിന്യം മുതലായവ നീക്കം ചെയ്യാൻ മൂടിയില്ലാത്ത വണ്ടി ഉപയോഗിക്കുന്നതിന് | ഇരുന്നൂറ്റി അമ്പത് രൂപ |
| 340 | | ചവറോ മാലിന്യമോ കെട്ടിട അവശിഷ്ടമോ പൊതുസ്ഥലത്ത് എറിയുന്നതിന് | രണ്ടായിരം രൂപ |
| ** | ** | ** | ** |
| 492 | (2) | ആവശ്യപ്പെടുമ്പോൾ ലൈസൻസ് ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നതിന് | അഞ്ഞൂറ് രൂപ |
| ** | ** | ** | ** |
| ** | ** | ** | ** |